# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1432 — 02.03.2017-ൽ മറുപടിക്ക്

## പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി.വി. രാജേഷ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ വിധത്തിലുള്ള പഠനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ ടോപ്പോഗ്രാഫിക്കൽ സർവ്വേ, പെർമനന്റ് പോയിന്റ് സ്ഥാപിക്കൽ, സി.ഡി. വാല്യൂ സ്ഥാപിക്കൽ, കറണ്ട് മീറ്റർ ഒബ്സർവേഷൻ, ഷോർലൈൻ സർവേ, ബാത്തിമെട്രിക് സർവേ, ബെഡ് സാമ്പിൾ ശേഖരിക്കൽ, വാട്ടർ സാമ്പിൾ ശേഖരിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം CWPRS മുഖേന പുരോഗമിച്ചുവരുന്നു. ടി പഠനത്തിന് പെരുമ്പ, കുപ്പം എന്നീ പുഴകളുടെ ഡിസ്ചാർജ്ജ് ഡാറ്റാ CWPRS ആവശ്യപ്പെട്ടതനുസരിച്ച് IDRB ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | സി.ഡബ്ല്യു.പി.ആർ.എസ്-നെ ചുമതലപ്പെടുത്തിയ പ്രകാരം മാതൃകാ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | മാതൃകാപഠനത്തിന്റെ ഇടക്കാല റിപ്പോർട്ട് CWPRS ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കാനുണ്ട്. |
| (സി) | ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | (സി) | CWPRS ൽ നിന്നും മാതൃകാപഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം കടലിലെ ബോറിംഗ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പരിസ്ഥിതിപഠനം എന്നിവ നടത്തേണ്ടതുണ്ട്. പത്ത് മാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനത്തിനുശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ